എ.വൈ.ആർ

സൂറ-11

# ഹൂദ്

## ആമുഖം

**സൂറ** *യൂനുസും ഹൂദും* മുസ്ഹഫിൽ ക്രോഡീകരിച്ചിട്ടുള്ള ക്രമത്തിൽതന്നെയാണ് അവതരിപ്പിച്ചിട്ടുള്ളതും എന്ന് പണ്ഡിതന്മാർ പറയുന്നു. *യൂനുസ്* പോലെ ഏറക്കുറെ ഒന്നിച്ചുതന്നെയാണ് *ഹൂദി*ലെ സൂക്തങ്ങളും അവതരിച്ചത്. *യൂനുസി*ന്റെ സഹോദര സൂറയായി ഇതിനെ കണക്കാക്കാം. രണ്ടിന്റെയും തുടക്കം الٓر കൊണ്ടാണ്.

ഈ സൂറ മക്കി (മക്കയിൽ അവതരിച്ചത്) ആണെന്ന കാര്യത്തിൽ തൽക്കമില്ല. എങ്കിലും ഇതിലെ 12,17,114 സൂക്തങ്ങൾ മദീനയിൽ അവതരിച്ചതാണെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി നിവേദനമുണ്ട്. പ്രബലമായ പക്ഷം സൂറ പൂർണമായി മക്കയിൽ അവതരിച്ചതാണെന്നാകുന്നു. മദീനയിലുണ്ടായ ചില സംഭവങ്ങൾക്ക് പ്രസ്തുത സൂക്തങ്ങൾ പ്രമാണമായി ഭവിച്ചതിനാൽ ആ സംഭവങ്ങളെത്തുടർന്ന് അവതരിച്ചുവെന്ന് ചിലർ അനുമാനിച്ചതാണെന്ന് അവർ കരുതുന്നു. അതുപോലെ സൂറ *ഹൂദ്* സൂറ *യൂനുസി*നുമുമ്പ് അവതരിച്ചതാണെന്നും ഒരു പ്രസ്താവമുണ്ട്. ഏതായാലും പ്രവാചകനോടുള്ള ഖുറൈശികളുടെ ശത്രുതയും സത്യനിഷേധവും കൊടുമ്പിരികൊണ്ട കാലമായിരുന്നു അത്.

ഹൂദ് നബിയെയും അദ്ദേഹത്തിന്റെ ഗോത്രമായ ആദുകാരെയും പരാമർശിച്ചിട്ടുള്ളതുകൊണ്ടാണ് സൂറക്ക് '*ഹൂദ്*' എന്ന് നാമകരണം ചെയ്യപ്പെട്ടതെന്നു വ്യക്തമാണ്. *ഹൂദ്* എന്ന നാമം തന്നെ ഇതിൽ അഞ്ചുപ്രാവശ്യം പറയുന്നുണ്ട്.

ഇന്നത്തെ സുഊദി അറേബ്യയുടെ ഭാഗമായ റുബ്ഉൻഖാലി മരുഭൂമിയുടെ തെക്കുവശത്ത് ഹദ്റമൗത്ത് പ്രദേശത്തിന്റെ വടക്കായി സ്ഥിതിചെയ്യുന്ന മരുപ്രദേശമായ അഹ്ഖാഫ് ആയിരുന്നു ആദു വർഗത്തിന്റെ ആവാസകേന്ദ്രം. പടിഞ്ഞാറ് യമന്റെയും കിഴക്ക് ഒമാനിന്റെയും മധ്യേയാണീ പ്രദേശം. ഇന്നിത് നിർജനവും നിർജലവുമായ മരുഭൂമിയാണെങ്കിലും ആദ് വർഗം ജീവിച്ച കാലത്ത് വളരെ സമ്പന്നവും നാഗരികവുമായ നാടായിരുന്നുവെന്ന് അവിടെ ചിതറിക്കിടക്കുന്ന

പൗരാണികാവശിഷ്ടങ്ങൾ വിളിച്ചു പറയുന്നുണ്ട്. ഈസാ(അ) ജനിക്കുന്നതിന് ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കു മുമ്പാണ് ആദിന്റെ കാലമെന്ന് കണക്കാക്കപ്പെടുന്നു. നൂഹ് നബിയുടെ പുത്രൻ സാമിന്റെ പുത്രൻ ഇറമിന്റെ പുത്രൻ ഔസിന്റെ പുത്രൻ ആദിന്റെ സന്തതി പരമ്പരയാണ് ആദുവർഗം. കുലപതിയായി ആദിന്റെ പിതാമഹൻ ഇറമിനെക്കൂടി പരിഗണിച്ചുകൊണ്ട് 'ആദ് – ഇറം' എന്നും ഇവർ അറിയപ്പെടുന്നുണ്ട്. ഖുർആൻ *അൽഫജ്റിൽ* അപ്രകാരം ഇവരെ വിളിച്ചിരിക്കുന്നു.

നൂഹ് നബിക്കുശേഷം ബഹുദൈവത്വ സങ്കൽപത്തിനും വിഗ്രഹാരാധനക്കും ആദ്യമായി തുടക്കമിട്ടത് ആദുവർഗമാണെന്നു പറയപ്പെടുന്നു. ബഹുദൈവത്വവും വിഗ്രഹാരാധനയും സ്വീകരിച്ചതോടെ അവർ നൂഹ് നബി പഠിപ്പിച്ച ഏകദൈവവിശ്വാസം മാത്രമല്ല അതിന്റെ അനിവാര്യ താൽപര്യമായി അനുശാസിക്കപ്പെട്ട സുധർമങ്ങളും അവഗണിച്ചു തള്ളി. ആ സമൂഹത്തിൽ വിഗ്രഹങ്ങളുടെയും പ്രതിഷ്ഠകളുടെയും പേരിൽ ധാരാളം അന്ധവിശ്വാസങ്ങളും അസത്യജടിലമായ ആചാരങ്ങളും അധർമങ്ങളും പ്രചരിച്ചു. ആദ് വർഗത്തിന്റെ സമ്പൽസമൃദ്ധിയും നാഗരിക നേട്ടങ്ങളുമെല്ലാം അക്രമങ്ങളുടെയും അധർമങ്ങളുടെയും മാത്രം പ്രേരകങ്ങളായി മാറി.

ആദുജനം ബലിഷ്ഠകായരും ആജാനുബാഹുക്കളുമായിരുന്നു. അവരെപ്പോലൊരു ജനം നാടുകളിലൊന്നും സൃഷ്ടിക്കപ്പെട്ടിട്ടേയില്ല എന്ന് സൂറ *അൽഫജ്റ്* 6–8 സൂക്തങ്ങൾ പറയുന്നുണ്ട്. ശിലാമലകൾ തുരന്ന് ആഡംബര സൗധങ്ങളാക്കി മാറ്റുക അവരുടെ സമ്പ്രദായമായിരുന്നു (15:82). ഇത്തരം സൗധങ്ങൾ ഇപ്പോഴും അവിടെ അവശേഷിക്കുന്നുണ്ട്. തങ്ങളല്ലാത്തവരോട് അതിക്രൂരമായ അക്രമങ്ങളനുവർത്തിക്കാൻ അവർക്ക് ഒരു മടിയുമുണ്ടായിരുന്നില്ല (26:128–130). തങ്ങളെ വെല്ലാൻ ലോകത്ത് ഒരുശക്തിക്കും കഴിയില്ല എന്ന അഹന്തയും ധാർഷ്ട്യവുമാണ് അവരെ നയിച്ചിരുന്നത്. ഈ സാഹചര്യത്തിൽ അവരെ സത്യത്തിലേക്കും ധർമത്തിലേക്കും പ്രബോധനം ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരാളായ ഹൂദ്(അ)നെ പ്രവാചകനായി നിയോഗിച്ചു. പക്ഷേ ഹൂദിന്റെ സത്യപ്രബോധനത്തെ ഒട്ടും വകവെക്കാൻ അവർ തയാറായില്ല. "അവർ സ്വന്തം നാഥന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചു. ദൈവദൂതന്മാരുടെ സന്ദേശങ്ങൾ തള്ളിക്കളഞ്ഞു. സ്വേഛാപ്രമത്തരും ധിക്കാരമൂർത്തികളുമായ സകല ദുശ്ശക്തികളെയും അനുസരിച്ചു" (*ഹൂദ്*: 59)

ഈ നിലയിൽ മുന്നോട്ടുപോയാൽ നിങ്ങൾ ഭൂമിയിൽ നിന്ന് തുടച്ചുനീക്കപ്പെടുമെന്ന ഹൂദ്(അ)ന്റെ താക്കീതും പുഛിച്ചു തള്ളപ്പെട്ടു. അങ്ങനെ ആദു ജനം അവരുടെ ചെയ്തികളാൽ, തങ്ങൾക്ക് ഈ ലോകത്ത് ഇനിയും നിലനിൽക്കാൻ അവകാശമില്ലെന്ന് സ്വയം തെളിയിച്ചു. തുടർന്ന് ഹൂദ് നബിയോടും ശിഷ്യന്മാരോടും ആ നാട്ടിൽനിന്ന് പലായനം ചെയ്യാൻ അല്ലാഹു കൽപിച്ചു. അവർ അഹ്ഖാഫിന്റെ തെക്കേ തീരത്തുള്ള ഹദ്റമൗത്തിലേക്കു പലായനം ചെയ്തു. അനന്തരം ആദിന്റെ പ്രദേശത്ത് ഒരു കൊടുങ്കാറ്റടിച്ചു. സകലതിനെയും പറിച്ചെറിയാൻ ശക്തിയുള്ളതും അതിശൈത്യമാർന്നതു(رِيحٍ صَرْصَرٍ)മായിരുന്നു ആ കാറ്റ്. ജനം ദ്രവിച്ച ഈത്തപ്പനത്തടികളെന്നോണം ചത്തുവീണു കിടക്കുന്നതു കാണാമായിരുന്നു' എന്നാണ് സൂറ *അൽഹാഖ* 6–8ൽ പറയുന്നത്. ആദുവർഗവും അവരുടെ നാഗരികതയുമെല്ലാം തീർത്തും നാമാവശേഷമായി. അവിടെയുണ്ടായിരുന്ന

കരിമ്പാറകെട്ടുകളല്ലാത്തതെല്ലാം ഊഷരമായ മണൽകൂനകളായി മാറി. അങ്ങനെ ആദിന്റെ പ്രദേശം أحقاف (മണൽ കൂനകൾ) ആയിത്തീർന്നു.

ഈ ആദുവർഗം ആദുൽ ഊലാ (ആദി ആദ്) എന്നും അറിയപ്പെടുന്നുണ്ട്. ആദുൽ ഊലാ (അറബുൽ ബാഇദ) പൂർണമായി നശിച്ചുപോയ അറബി ഗോത്രങ്ങളുടെ ഗണത്തിൽ പെടുന്നു. വിനാശമിറങ്ങും മുമ്പ് നാടുവിട്ടുപോയ സ്വാലിഹ് നബിയുടെ ശിഷ്യപരമ്പരകൾ രണ്ടാം ആദ് എന്നാണറിയപ്പെടുന്നത്. ഹദ്റമൗത്ത് പട്ടണത്തിൽ ഹൂദ് നബിയുടെ മഖ്ബറ എന്നറിയപ്പെടുന്ന ഒരു കല്ലറ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഈ ഖബർ ചരിത്രപരമായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെങ്കിലും തദ്ദേശവാസികൾ ഇതിനെ ഹൂദി(അ)ന്റെ മഖ്ബറയായിത്തന്നെ വിശ്വസിക്കുന്നു. ഹദ്റമൗത്തിന്റെ പരിസരത്തുള്ള പൗരാണിക അവശിഷ്ടങ്ങളെ അവർ ആദുവർഗത്തിന്റെ അവശിഷ്ടങ്ങളായി കരുതുകയും ചെയ്യുന്നു. ഈ പ്രദേശത്തുള്ള 'ഹിസ്നുഗുറാബി'ൽ നിന്ന് എ.ഡി 19–ാം നൂറ്റാണ്ടിൽ കണ്ടെടുക്കപ്പെട്ട ഒരു പുരാലിഖിതം ബി.സി 18–ാം നൂറ്റാണ്ടിനുമുമ്പ് എഴുതപ്പെട്ടതാണെന്ന് അനുമാനിക്കപ്പെടുന്നു. പുരാവസ്തു വിദഗ്ധർ ആ ലിഖിതം വായിക്കുന്നതിങ്ങനെയാണ്: "പ്രയാസമോ ദുരിതമോ അനുഭവിക്കാതെ നീണ്ട കാലം ഞങ്ങൾ ഈ കോട്ടയിൽ വാണു. ഞങ്ങളുടെ ജലാശയങ്ങൾ നദീജലത്താൽ നിറഞ്ഞിരുന്നു......... ദുർവിചാരങ്ങളിൽ നിന്നു പരിശുദ്ധനും നാശകാരികളോട് കർക്കശനായി വർത്തിക്കുന്നവനുമായിരുന്നു ഞങ്ങളുടെ രാജാവ്. അദ്ദേഹം ഞങ്ങളെ ഹൂദിന്റെ നിയമപ്രകാരം ഭരിച്ചു. മുഖ്യ തീരുമാനങ്ങൾ ഏടിൽ രേഖപ്പെടുത്തിയിരുന്നു. ഞങ്ങൾ ദിവ്യാത്ഭുതങ്ങളിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുന്നു."

സൂറ *യൂനുസ്* കൈകാര്യം ചെയ്ത ദൈവത്തിന്റെ ഏകത്വം, പ്രവാചക നിയോഗം, ഉയിർത്തെഴുന്നേൽപ്, രക്ഷാ ശിക്ഷകൾ എന്നീ മൗലിക വിഷയങ്ങൾ തന്നെയാണ് ഈ സൂറയുടെയും പ്രമേയം. വിശദീകരണത്തിൽ ചില വ്യത്യാസങ്ങളുണ്ട്. *യൂനുസിൽ* ഉൽബോധന സ്വരമാണ് മുന്നിട്ടുനിൽക്കുന്നതെങ്കിൽ *ഹൂദിൽ* മുന്നിട്ടുനിൽക്കുന്നത് താക്കീതിന്റെയും ഭീഷണിയുടെയും സ്വരമാണ്. പ്രതിസന്ധികളെ സ്ഥൈര്യത്തോടെ നേരിടാൻ പ്രവാചകനോടുള്ള കൽപനയും കർക്കശമാണ്. ഒരു വശത്ത് അവിശ്വാസികളുടെ ഹിംസാത്മകമായ എതിർപ്പ്; മറുവശത്ത് അവർക്ക് ഒട്ടും വഴങ്ങിക്കൊടുക്കരുതെന്ന അല്ലാഹുവിന്റെ കൽപന. ഇതു രണ്ടിനുമിടയിൽ പ്രവാചകനും വിശ്വാസികളും നന്നായി വിയർത്തിരുന്നു. ഇതു സംബന്ധിച്ച് നിരവധി ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണം: തിർമിദി, ബൈഹഖി, ത്വബറാനി, ഇബ്നു മർദവൈഹി തുടങ്ങിയവർ ഇബ്നു അബ്ബാസ്, അബൂസഈദിൽ ഖുദ്രി, മസ്റൂഖ്, അനസ് എന്നിവരിൽനിന്ന് ഉദ്ധരിക്കുന്നു: അബൂബക്കർ(റ) നബി(സ)യോടു പറഞ്ഞു: 'അങ്ങ് പെട്ടെന്ന് നരച്ചിരിക്കുന്നുവല്ലോ?' തിരുമേനി പറഞ്ഞു: 'ഹൂദും അൽവാഖിഅയും വൽമുർസലാതിയും അമ്മ യതസാഅലൂനും ഇദശ്ശംസു കുവ്വിറതും എന്നെ നരപ്പിച്ചു കളഞ്ഞു.'

ഈ സൂറയുടെ ഉള്ളടക്കത്തെ ഇങ്ങനെ സംഗ്രഹിക്കാം:

1) സുവ്യക്തവും ഖണ്ഡിതവുമായ പ്രമാണങ്ങളുള്ള ദൈവിക വേദമാണ് ഖുർആൻ. ദൈവിക ഏകത്വത്തിന്റെ തെളിവുകളും ധർമസാരങ്ങളും സത്യാസത്യവിവേചന മാനദണ്ഡങ്ങളും ചരിത്ര കഥകളും അമാനുഷികമായ രീതിയിൽ കോർത്തിണക്കപ്പെട്ട ഈ വേദം മാനുഷികമാണെന്ന് സംശയിക്കുന്നവർ ഇതുപോലൊന്ന് രചിക്കാൻ ശ്രമിച്ചു നോക്കട്ടെ; അപ്പോഴറിയാം അതിന്റെ യാഥാർഥ്യം.

2) ദിവ്യത്വത്തിലും (الوهية) ഉടമസ്ഥതയിലും പരിപാലനത്തിലും (ربوبية) ഉള്ള അല്ലാഹുവിന്റെ ഏകത്വം. 3) പുനരുത്ഥാനത്തിന്റെ അനിവാര്യത. 4) മനുഷ്യൻ നേരിടുന്ന പരീക്ഷണം. 5) സുഖദുഃഖ കാലങ്ങളിൽ വിശ്വാസിയുടെയും അവിശ്വാസിയുടെയും അവസ്ഥകൾ തമ്മിലുള്ള താരതമ്യം. 6) മനുഷ്യ പ്രകൃതിയുടെ ചില സവിശേഷതകൾ. നന്മക്കും തിന്മക്കും അവർ ഒരുപോലെ ബദ്ധപ്പെടുന്നു. സുവ്യക്തമായ സത്യങ്ങളിൽ പോലും പരസ്പരം വിരുദ്ധമായ സമീപനങ്ങൾ കൈക്കൊള്ളുന്നു. 7) ചരിത്രം. ഹൂദ്, സ്വാലിഹ്, ലൂത്ത്, ശുഐബ്, മൂസാ, ഇബ്റാഹീം നബിയുടെ അതിഥികൾ എന്നിവരുടെ കഥകൾ. 8) പൂർവ പ്രവാചകന്മാരുടെ കഥകൾ പിൽക്കാല പ്രബോധകർക്കു നൽകുന്ന സഹനത്തിന്റെയും സ്ഥൈര്യത്തിന്റെയും പാഠങ്ങൾ. 9) ഏതു സാഹചര്യത്തിലും ദീനിൽ ഉറച്ചു നിൽക്കാനും, നമസ്കാരം സമയനിഷ്ഠയോടെ നിലനിർത്താനുമുള്ള കൽപന. 10) അധർമവും അക്രമവും നാശനിമിത്തങ്ങളാകുന്നു. അതിനാൽ നാശകാരികളോട് സമരം ചെയ്യേണ്ടത് വ്യക്തിയുടെയും സമൂഹത്തിന്റെയും രക്ഷക്ക് അനിവാര്യമാണ്.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

## പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

الٓر ۚ كِتَٰبٌ أُحْكِمَتْ ءَايَٰتُهُۥ ثُمَّ فُصِّلَتْ مِن لَّدُنْ حَكِيمٍ خَبِيرٍ ﴿١﴾

**1** അലിഫ്-ലാം-റാഅ്. അഗാധജ്ഞനും പരമയുക്തിമാനുമായവങ്കൽ നിന്നരുളപ്പെട്ട സുഭദ്രവും സുവിശദവുമായ പ്രമാണങ്ങളുള്ള വേദമത്രെ ഇത്.

الٓر = അലിഫ്-ലാം-റാഅ് ; كِتَٰبٌ = ഒരു പുസ്തകം (വേദമത്രെ ഇത്)

أُحْكِمَتْ = ഉറപ്പിക്കപ്പെട്ടു (സുഭദ്രവും)

ءَايَٰتُهُۥ = അതിലെ സൂക്തങ്ങൾ (പ്രമാണങ്ങളുള്ള)

ثُمَّ = പിന്നെ ; فُصِّلَتْ = വിശദീകരിക്കപ്പെട്ടു(സുവിശദവുമായ)

مِن لَّدُنْ حَكِيمٍ = പരമ യുക്തിമാനായവനിൽനിന്നുള്ള ; خَبِيرٍ = അഗാധജ്ഞ(നും)നായ

**1:** സൂറ *യൂനുസി*ന്റെ എന്നപോലെ ഈ സൂറയുടെയും തുടക്കം الٓر എന്ന ഒറ്റ അക്ഷരങ്ങളിലാണ്. തുടർന്നുള്ള *യൂസുഫ്, അർറഅ്ദ്, ഇബ്റാഹീം, അൽഹിജ്ർ* എന്നീ സൂറകളും ഇതേ അക്ഷരങ്ങൾ കൊണ്ടാണ് തുടങ്ങുന്നത്. ഈ സൂറകളുടെയെല്ലാം ഉള്ളടക്കത്തിന് സമാനതകളേറെയുള്ളതാണ് അതിനുകാരണമെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. മിക്ക സൂറകളിലും തുടക്കത്തി

ലുള്ള ഒറ്റയക്ഷരങ്ങൾ പ്രഥമസൂക്തമായിട്ടാണ് വന്നിട്ടുള്ളത്. എന്നാൽ *യൂനുസ്* മുതൽ *അൽഹിജ്ർ* വരെയുള്ള സൂറകളുടെ തുടക്കത്തിലുള്ള الٓر പ്രഥമ സൂക്തത്തിന്റെ ആദ്യഭാഗമായിട്ടാണ് വന്നിരിക്കുന്നത്. തുടക്കത്തിലെ ഒറ്റയക്ഷരങ്ങളുടെ താൽപര്യത്തെക്കുറിച്ച് നേരത്തെ പലവട്ടം പറഞ്ഞിട്ടുള്ളത് ഇവിടെ ആവർത്തിക്കുന്നില്ല.

പുസ്തകം, അധ്യായം, വേദം, ശാസനം, പ്രമാണം, രേഖ, വിളംബരം എന്നിങ്ങനെ അനേകം അർഥങ്ങളുള്ള പദമാണ് മൂലത്തിൽ ഉപയോഗിച്ച كِتَٰبٌ. വ്യത്യസ്തമായ അർഥങ്ങളിൽ ഖുർആനും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ഇവിടെ കിതാബ് കൊണ്ടുദ്ദേശ്യം ഖുർആൻ എന്ന വേദമാവാം. തർജമയിൽ സ്വീകരിച്ചിട്ടുള്ളത് അതാണ്. അധ്യായം എന്ന അർഥത്തിൽ ഈ സൂറയുമാകാം ഉദ്ദേശ്യം. തുടർന്ന് വരുന്നത് പ്രവാചകന്റെ സന്ദേശ വിളംബരമായതുകൊണ്ട് 'കിതാബ്' ഉപയോഗിച്ചത് വിളംബരം എന്ന അർഥത്തിലും ആകാവുന്നതാണ്.

സുഭദ്രവും സുവിശദവുമായ പ്രമാണങ്ങളുള്ള –أُحْكِمَتْ ءَايَٰتُهُۥ ثُمَّ فُصِّلَتْ– എന്ന വാക്യം ഈ സൂറക്ക് മുൻ സൂറയുമായുള്ള സമാനതയെ സൂചിപ്പിക്കുന്നു. അതിൽ പറഞ്ഞ കാര്യങ്ങളുടെ ദൃഢീകരണവും വിശദീകരണവുമാണിത്. ഒരു കാര്യം സുസ്ഥിരവും സുദൃഢവുമാക്കി എന്നാണ് أحكمയുടെ അർഥം. അതിൽനിന്നുള്ള സ്ത്രീലിംഗ കർമണി രൂപമാണ് أُحْكِمَتْ. ആശയങ്ങളെയും വചനങ്ങളെയും കുറിച്ച് أحكم എന്നു പറയുക, അത് സംശയങ്ങൾക്കും അവ്യക്തതകൾക്കും ഭേദഗതികൾക്കും പഴുതില്ലാത്തവിധം സുഭദ്രമായി അവതരിപ്പിക്കപ്പെട്ടാലാണ്. ദൈനംദിന ജീവിതത്തിന് മാർഗദർശകമായ ഖുർആൻ വചനങ്ങളെല്ലാം സുഭദ്രം –محكمات– ആണെന്ന് സൂറ *ആലുഇംറാൻ* 7–ാം സൂക്തം പ്രസ്താവിച്ചിട്ടുണ്ട്. ഖുർആൻ വാക്യങ്ങളുടെ ഭദ്രതക്ക് മികച്ച ഉദാഹരണമാണ് لا اله إلا الله (അല്ലാഹുവല്ലാതെ ദൈവമേതുമില്ല). ദൈവം അല്ലാഹുവാണെന്നോ അല്ലാഹുവാണ് ദൈവമെന്നോ പറയുന്നതിനെക്കാൾ എത്രയോ ശക്തവും വ്യക്തവുമാണത്. അല്ലാഹു ഒന്നാണ് –الله واحد– എന്നുപറയുന്നതിനു പകരം ഖുർആൻ ٱللَّهُ أَحَدٌ എന്നാണ് പറയുന്നത്. എല്ലാ തരത്തിലുള്ള ബഹുത്വത്തിന്റെ ലഘുലാഞ്ഛനകളെപ്പോലും നിഷേധിക്കുന്നതാണ് أَحَدٌ എന്ന പദം. തുടർന്ന്,

ٱللَّهُ ٱلصَّمَدُ ﴿٢﴾ لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴿٤﴾ (ആരുടെയും ആശ്രയം വേണ്ടാത്തവനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ് അല്ലാഹു. ജനിച്ചിട്ടില്ല, ജനിപ്പിച്ചിട്ടുമില്ല; അവനു തുല്യനായി ആരുമില്ല) എന്നുകൂടി പറയുമ്പോൾ അല്ലാഹുവിന്റെ ഏകത്വം അതീവ ഭദ്രവും അഭേദ്യവുമായ കോട്ടതന്നെ ആയിത്തീരുന്നു. ഈസാ മസീഹിനെപ്പോലെ മുഹമ്മദ് (സ)നെ പിൽകാലത്ത് ദൈവമാക്കപ്പെടുന്നതിൽനിന്ന് കാത്തുരക്ഷിച്ചത് ഖുർആന്റെ ഇത്തരം കോട്ടകളാണ്. ഖുർആൻ മൊത്തത്തിൽ തന്നെ ഇങ്ങനെ പരസ്പരം ദൃഢീകരിക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന വചനങ്ങളുടെ സമുച്ചയമാണ്. ഓരോ സൂക്തവും മറ്റേതെങ്കിലും സൂക്തത്തിന്റെ വിശദീകരണമോ മറ്റു പല സൂക്തങ്ങളുടെ സംഗ്രഹമോ ആയിരിക്കും. മക്കയിലവതരിച്ച സൂക്തങ്ങൾ പൊതുവിൽ മൗലിക തത്ത്വങ്ങളുടെ സംക്ഷിപ്തമായ അവതരണങ്ങളാണ്. മദനീ സൂക്തങ്ങളധികവും ഇത്തരം മക്കീ സൂക്തങ്ങളുടെ വിശദീകരണങ്ങളാണെന്നു കാണാം. ٱللَّهُ نَزَّلَ أَحْسَنَ ٱلْحَدِيثِ كِتَٰبًا مُّتَشَٰبِهًا مَّثَانِىَ (ഘടകങ്ങളൊക്കെയും പരസ്പരം ചേർന്നതും വിഷയങ്ങൾ ആവർത്തിച്ചുറപ്പിക്കപ്പെട്ടതുമായ സമുൽകൃഷ്ട പ്രമാണ

ങ്ങളുടെ വേദമത്രെ അല്ലാഹു അവതരിപ്പിച്ചിട്ടുള്ളത് – 39:23).

مِن لَّدُنْ حَكِيمٍ خَبِيرٍ എന്ന വാക്യം, ഖുർആന്റെ ദൈവികതയിലേക്കും ആധികാരികതയിലേക്കും വിരൽ ചൂണ്ടുന്നു. ഇത് കവിഭാവനയോ ആഭിചാര മന്ത്രങ്ങളോ ആയിരിക്കുക സാധ്യമല്ല. ഇതിന്റെ ഭദ്രതയും വൈശദ്യവും അത്തരം വചനങ്ങൾക്കുണ്ടാവില്ല ഏറ്റം യുക്തിമാനും അഗാധജ്ഞനുമായ ഒരസ്തിത്വത്തിൽനിന്നേ ഇത്തരം വചനങ്ങളുണ്ടാകൂ. അത്തരം ഒരസ്തിത്വമാകട്ടെ അല്ലാഹുവല്ലാതെ വേറെയില്ലതാനും. ■